# കടലേകും കനിവുകൾ

*എഡിറ്റിംഗ് :*

**എൻ.ജി.മേനോൻ**

**വി.ശശികുമാർ**

കേന്ദ്ര സമുദ്ര മത്സ്യ ഗവേഷണ സ്ഥാപനം, കൊച്ചി
ആകാശവാണി, തൃശൂർ

Malayalam

# KADALEKUM KANIVUKAL

*Edited by :*
**N. G. MENON**
**V. SASI KUMAR**

*Published by :*
**Dr. M. DEVARAJ,** Director, CMFRI, Kochi
and
Station Director, AIR, Trichur

*Editorial Assistance :*
BALU S.
SIMMY GEORGE

© 1998, Central Marine Fisheries Research Institute, Cochin - 14
Printed at PAICO, Cochin, S. India

# 10. സമുദ്രത്തിലെ അലങ്കാര മത്സ്യങ്ങൾ

ഡോ. കെ.ജി.സണ്ണി,
ഫിഷറീസ് കോളേജ്, പനങ്ങാട്.

ശുദ്ധജലത്തിൽ അലങ്കാരമത്സ്യങ്ങളെ വളർത്തുന്ന അക്വേറിയങ്ങൾ ഇന്നു ലോകമെമ്പാടും സർവ്വസാധാരണമായിക്കഴിഞ്ഞു. എന്നാൽ സമുദ്രത്തിലെ അലങ്കാരമത്സ്യങ്ങളെ അക്വേറിയത്തിൽ വളർത്തുന്ന രീതി സമ്പന്ന രാജ്യങ്ങളിൽ മാത്രമേ പ്രചാരം സിദ്ധിച്ചിട്ടുള്ളൂ. ലോക കമ്പോളങ്ങളിൽ ഏതാണ്ട് 4.5 ബില്യൺ ഡോളറിന്റെ അലങ്കാര മത്സ്യകച്ചവടം നടക്കുന്നതായി കണക്കുകൾ കാണിക്കുന്നു. ഇതിൽ 85% ശുദ്ധജല അലങ്കാര മത്സ്യഭാഗത്തു നിന്നാണ്. ഇതിൽ ഇന്ത്യയുടെ വിഹിതം ഏതാണ്ട് 10കോടി രൂപയാണ്. അതുമുഴുവനും തന്നെ ശുദ്ധജല അലങ്കാര മത്സ്യങ്ങളുടെ വിപണനത്തിലൂടെയാണ് നാം നേടുന്നത്. ഇന്ത്യയിൽ നിന്നും സമുദ്രത്തിലെ അലങ്കാര മത്സ്യങ്ങളെ കയറ്റി അയക്കാൻ വളരെ നല്ല സാദ്ധ്യതകളുള്ളതായി ചൂണ്ടി കാണിക്കപ്പെട്ടിട്ടുണ്ട്.

പവിഴപുറ്റുകളും, പാറകളും ഉള്ള പ്രദേശങ്ങളിലാണ് സമുദ്രത്തിലെ അലങ്കാര മത്സ്യങ്ങൾ വസിക്കുന്നത്. കടൽ പായലുകൾക്കിടയിലും ഇവയെ കണ്ടുവരാറുണ്ട്. ഗൾഫ് ഓഫ് മന്നാറിലും, പാക്ക്ബേയിലും, ഗൾഫ് ഓഫ്കച്ചിലും കരയോടു ചേർന്ന പ്രദേശങ്ങളിൽ ഇവ ധാരാളമായി അധിവസിക്കുന്നു. എന്നാൽ ദ്വീപ് സമൂഹങ്ങളായ ലക്ഷദ്വീപിലും, ആൻഡമാൻ നിക്കോബാർ പ്രദേശങ്ങളുലും ആണ് ഇവയെ സുലഭമായി കാണാൻ കഴിയുന്നത്. ഇനങ്ങളുടെ വൈവിദ്ധ്യവും എണ്ണവും കണക്കിലെടുത്താൽ, ലക്ഷദ്വീപ് പ്രദേശമാണ് അലങ്കാരമത്സ്യങ്ങളുടെ ഏറ്റവും സമ്പന്നമായ ആവാസസ്ഥലം.

വിവിധാകൃതികളും, അത്യാകർഷകമായ വർണ്ണങ്ങളുമുള്ള 300-ൽപരം അലങ്കാരമത്സ്യങ്ങളെ, ലക്ഷദ്വീപു പ്രദേശങ്ങളിൽ കാണപ്പെടുന്നതായി സി.എം.എഫ്.ആർ.ഐ. റിപ്പോർട്ടു ചെയ്തിട്ടുണ്ട്. ഇവയിൽ ലാബ്രിഡേ കുടുംബത്തിലുള്ള 45 തരം റാസുകൾ, പോമാസെൻട്രിഡേ കുടുംബത്തിലുള്ള 35 തരം ഡാംസെൽ മത്സ്യങ്ങൾ അപ്പേഗോണിഡേ കുടുംബത്തിലുള്ള 22 തരം കാർഡിനൽ മത്സ്യങ്ങൾ, സെറാ നിഡേ കുടുംബത്തിലുള്ള 21 തരം ഗ്രൂപ്പറുകൾ, ബ്ലെന്നിഡേ കുടുംബത്തിലുള്ള ഇരുപത് തരം

ബ്ലെന്നികൾ, കീറ്റോഡോൺടിഡേ കുടുംബത്തിലുള്ള 16തരം ബട്ടർഫ്ളൈ മത്സ്യങ്ങൾ, ഗോട്ട്ഫിഷ്, പാരട്ട്ഫിഷ്, ഗോബിസ്, സ്കോർപ്യൺ മത്സ്യങ്ങൾ എന്നിവ പ്രാധാന്യമർഹിക്കുന്നവയാണ്. ഇതേ കുടുംബ ങ്ങളിൽപ്പെടുന്ന 150ൽപരം അലങ്കാര മത്സ്യങ്ങളെ ആൻഡമാൻ നിക്കോബാർ കടലുകളിലും, ഏകദേശം 100ഓളം അലങ്കാരമത്സ്യങ്ങളെ ഗൾഫ് ഓഫ് മന്നാർ, പാക്ക്ബേ പ്രദേശങ്ങളിലും കാണപ്പെടുന്നു.

ലവണജലമത്സ്യങ്ങളിൽ ഏറ്റവും ഭംഗിയുള്ളവയെന്ന് അവകാശപ്പെടാവുന്ന ഒരു കുടുംബമാണ് ഏഞ്ചൽമത്സ്യങ്ങളുടേതും ചിത്രശലഭ മത്സ്യങ്ങളുടേതും. ചിത്രശലഭങ്ങളെപ്പോലെതന്നെ വർണ്ണവൈവിധ്യം പ്രകടിപ്പിക്കുന്ന ഇവക്കു അണ്ഡാ കൃതിയിലുള്ള പരന്ന ശരീരമാണുള്ളത്. ഇവയുടെ കൂർത്ത വായ പവിഴപുറ്റു കൾക്കിടയിൽ നിന്നും ഭക്ഷണം ശേഖരിക്കുവാൻ പര്യാപ്തമായതാണ്. ഇവയുടെ കുഞ്ഞുങ്ങൾക്കും പ്രായപൂർത്തിയായവർക്കും വ്യത്യസ്ത വർണ്ണമാണുള്ളത്. കുഞ്ഞുങ്ങൾക്ക് പൊതുവേ നീല നിറത്തിൽ വെളുത്ത വരകളുള്ളവയായതിനാൽ ഏതു ഏഞ്ചൽ മത്സ്യത്തിന്റെ കുഞ്ഞാണെന്ന് നിർണ്ണയിക്കാൻ ബുദ്ധിമുട്ടാണ്. ആൺപെൺമത്സ്യങ്ങളെ തിരിച്ചറിയാനുള്ള വ്യത്യാസങ്ങളൊന്നും പൊതുവേ പ്രകടമല്ലെങ്കിലും, മുട്ടയിടാറായ പെൺമത്സ്യങ്ങളുടെ ഉദരഭാഗം കൂടുതൽ വീർത്തിരിക്കുന്നതായി കാണാം.

ജലത്തിന്റെ മുകൾപ്പരപ്പിനടുത്തു വന്ന് ഇവ ബീജങ്ങൾ പുറത്തുവിടുന്നു. ബീജസങ്കലനം നടന്ന മുട്ടകൾ ജലപ്പരപ്പിൽ പൊങ്ങിക്കിടക്കുന്നവയാണ്. മുട്ട വിരിഞ്ഞ കുഞ്ഞുങ്ങൾ പ്ലവകങ്ങളെ ആഹരിക്കുന്നു. വളർച്ചയെത്തിയതിനു ശേഷവും ഇവ അടിത്തിട്ടിലേക്കുപോകുന്നു.

ഏഞ്ചൽ ബട്ടർഫ്ളൈ മത്സ്യങ്ങളുടെ പ്രധാന ആഹാരം സസ്യങ്ങളാണ്. സ്പോഞ്ചുകളേയും ഇവ ഭക്ഷിക്കുന്നു. ഏഞ്ചൽ മത്സ്യം സാധാരണയായി സ്വകാര്യത ഇഷ്ടപ്പെടുന്നു. മറ്റു മത്സ്യങ്ങളെ ഇവയുടെ വാസസ്ഥലത്തിന്റെ അതിർ ത്തികൾക്കുള്ളിലേക്ക് കടക്കുവാൻ സമ്മതിക്കുകയില്ല. എന്നാൽ ബട്ടർഫ്ളൈ മത്സ്യങ്ങളിൽ ഈ പ്രവണത അത്ര പ്രകടമല്ല.

സർജൻഫിഷ് എന്നറിയപ്പെടുന്ന മത്സ്യങ്ങൾക്ക്, ഈ പേര് ലഭിക്കുവാൻ കാരണം ഇവയുടെ വാൽ ചിറകിനോടു ചേർന്ന് നിവർക്കുവാനും മടക്കുവാനും സാധിക്കുന്ന മൂർച്ചയുള്ള മുള്ളുകൾ ഉള്ളതുകൊണ്ടാണ്. പ്രതി രോധത്തിനും, ആക്രമണത്തിനും ഈ മുള്ളുകൾ ഉപയോഗിക്കുന്നു. വർണ്ണവൈവിധ്യത്തിന് ഇവയെ വെല്ലാൻ മറ്റു മത്സ്യങ്ങൾ ഇല്ലെന്നു തന്നെ പറയാം. മഞ്ഞ, നീല, കറുപ്പ്, വെളുപ്പ്, എന്നു വേണ്ട ഇവയുടെ എല്ലാം മിശ്രിത വർണ്ണങ്ങളും ഇവയിൽ കണ്ടുവരുന്നു. വിവിധവർണ്ണങ്ങളിൽ, ശരീരത്തിന്റെ

പ്രത്യേകഭാഗങ്ങളിൽ, വ്യക്തമായ വരകളുള്ള തിനാൽ ഇവക്ക് കണ്ണഞ്ചി പ്പിക്കുന്ന ആകർഷകത്വം ഉളവാക്കുന്നു. സസ്യങ്ങളും മറ്റു ചെറുജീവികളുമാണ് പ്രധാന ഭക്ഷണം.

പകൽസമയം മുഴുവൻ പവിഴ പുറ്റുകൾക്കിടയിൽ ഒളിച്ചു കഴിയുകയും, രാത്രികാലങ്ങളിൽ ഇരതേടി പുറത്തിറങ്ങുകയും ചെയ്യുന്ന കാർഡിനൽ മത്സ്യങ്ങൾ അപ്പോഗോണിഡേ എന്ന കുടുംബത്തിൽപ്പെട്ടവയാണ്. മുകളി ലേക്കു തുറക്കുന്ന വായ, രണ്ടു മുതുചിറകുകൾ, വലിയതല, എന്നിവ ഈ കുടുംബത്തിന്റെ പ്രത്യേകതകളാണ്. സാധാരണയായി ആൺമത്സ്യ മുട്ട കളേയും, കുഞ്ഞുങ്ങളേയും വായിൽകൊണ്ടുനടന്നു സംരക്ഷിക്കുന്നു. ചില യിനങ്ങളിൽ പെൺമത്സ്യമോ, മറ്റുചിലതിൽ ആൺപെൺ മത്സ്യങ്ങളോ ഈ ജോലി നിർവഹിക്കുന്നതു കാണാം. ജീവനുള്ള എല്ലാത്തരം തീറ്റകളും കാർഡിനൽ മത്സ്യങ്ങൾ സ്വീകരിക്കുന്നു.

അറ്റം പരന്ന തലയും, നീളമുള്ള ശരീരവും ഉള്ള ബ്ലെന്നികൾ വളരെ ഊർജ്ജസ്വലതയുള്ള മത്സ്യങ്ങളാണ്. തീരപ്രദേശങ്ങളിലേക്കു സാധാരണ വരാറുള്ള ഈ മത്സ്യങ്ങൾ, വേലിയിറക്കത്തോടുകൂടി കടലിലേക്കു ഇറങ്ങിപ്പോയി ല്ലെന്നിരിക്കും. ഈ അവസരത്തിൽ വെള്ളം കെട്ടിക്കിടക്കുന്ന പാറയിടുക്കുകളിൽ ഇവയെക്കാണാം. നീളമുള്ള മുതുചിറകുകൾ, തലയുടെ മുകൾഭാഗത്ത് ഉന്തി നില്ക്കുന്ന കണ്ണുകൾ, കണ്ണുകൾക്കു മുമ്പിലായി ഉയർന്നുനില്ക്കുന്ന തലനാരിഴ പോലുള്ള പ്രോസസുകൾ, വളരെ അധികം ഉളുമ്പുള്ള ശരീരം എന്നിവ ബ്ലെന്നികളുടെ പ്രത്യേകതകളാണ്. ആൺ ബ്ലെന്നികൾ താരതമ്യേന വലുതും കൂടുതൽ നിറവും ഉള്ളവയാണ്. പ്രജനനം നടത്തുന്ന കാലങ്ങളിൽ ആൺ മത്സ്യങ്ങൾക്ക് നിറവ്യത്യാസവും ഉണ്ടാവുന്നു. ബ്ലെന്നികൾ ബുഭുക്ഷുക്കൾ ആണ്. ആൽഗകൾ തുടങ്ങി ചെറുമത്സ്യങ്ങളേയോ, മറ്റു ജീവജാലങ്ങളേയോ ഇവ ഭക്ഷി ക്കുന്നു. ഇവ വളരെ അധികം ആക്രമ സ്വഭാവം കാട്ടുന്നവയാണ്. ഈ കാരണ ത്താൽ വളരെ വലിയ മീനുകളൊഴിച്ച് മറ്റൊന്നിനേയും ബ്ലെന്നികളുടെ കൂടെ സൂക്ഷിക്കുവാൻ പാടില്ല.

താരതമ്യേന വലിപ്പം കുറഞ്ഞ അക്വേറിയം മത്സ്യങ്ങൾ ഉൾപ്പെടുന്ന ഒരുകുടുംബമാണ് ഗോബികളുടേത്. അത്യുജ്ജ്വല വർണ്ണ വൈവിദ്ധ്യങ്ങളും, നീണ്ടുരുണ്ട് നേർത്ത ശരീരവും ഉള്ള ഇവ ആഴം കുറഞ്ഞ കടൽതീര ജലാശയങ്ങൾ, പവിഴപുറ്റുകൾ, കടലിന്റെ ചെളിയുള്ള അടിത്തട്ട് എന്നീ പ്രദേ ശങ്ങളിൽ കണ്ടു വരുന്നു. ഒളിച്ചിരിക്കാൻ പറ്റിയ ഏതെങ്കിലും ഒരിടുങ്ങിയ സ്ഥലത്തിനടുത്ത് കഴിഞ്ഞുകൂടാനാണ് ഇവക്കു താല്പര്യം. സ്പോഞ്ചു കൾക്കകത്തേക്കോ, പാറയി ടുക്കിലേക്കോ, അപകടഘട്ടത്തിൽ ഇവ അതിവേഗം ഒളിക്കുന്നു. താഴെയുള്ള രണ്ടു ചിറകുകൾ കൂടിചേർന്ന്, പറ്റിപ്പിടി ച്ചിരിക്കാൻ ഉതകുന്ന സക്കർപോലെയുള്ള ഒരു അവയവം ഇവയുടെ

പ്രത്യേകതയാണ്. ആൺപെൺഗോബികളെ തിരിച്ചറിയാൻ വിഷമമാണ്. എന്നിരുന്നാലും ചിലഗോബികൾ പ്രത്യുൽപ്പാദന കാലത്ത്, നിറവ്യത്യസവും, നീണ്ടചിറകുകളും ഉണ്ടാകാറുണ്ട്. സംരക്ഷിക്കപ്പെട്ടിട്ടുള്ള ഇടുക്കുക്കളിൽ ഇവ മുട്ട ഇടുന്നു. ആൺമത്സ്യം മുട്ടകൾക്ക് കാവൽ നിൽക്കുന്നതു കാണാം. ഗോബികൾ മാംസഭുക്കുകളാണ്. അടിത്തട്ടിലുള്ള ചെറുജീവികളാണ് ഇവയുടെ ആഹാരം.

ഉദ്ദേശം നാനൂറോളം തരം ഭംഗിയുള്ള മത്സ്യങ്ങൾ ഉൾക്കൊള്ളുന്ന ഒരു വലിയ കുടുംബമായ ലാബ്രിഡേയിൽ റാസുകളും, റെയിൻബോ മത്സ്യങ്ങളും ഉൾപ്പെടുന്നു. കൈചിറകുകളുടെ ചലനം കൊണ്ടാണിവ സാധാരണ നീന്തുന്നത്. അതിവേഗം നീന്തേണ്ട ആവശ്യം വരുമ്പോൾ മാത്രമാണ് ഇവ വാൽ ചിറകുകൾ ഉപയോഗിക്കുന്നത്. ആവശ്യാനുസരണം ലിംഗമാറ്റം സാധ്യമാവുന്ന ഒരു കുടുംബ മാണിത്. ആൺമത്സ്യങ്ങൾ മാത്രമുള്ള ഒരു കൂട്ടത്തിൽ, വേണ്ട മാറ്റങ്ങൾ വന്നു കുറെയെണ്ണം പെൺമത്സ്യങ്ങളാവുന്നു. നേരെതിരിച്ചുള്ള മാറ്റവും സാദ്ധ്യമാണ്. ജലോപരിതലത്തിലേക്കു നീന്തി യെത്തിയാണ് റാസുകൾ മുട്ടയിടുന്നത്. ഒരു ജോഡി ഇണമത്സ്യ ങ്ങളായോ പല കൂട്ടങ്ങളായോ ഇവ മുട്ടയിടുന്നു. ചിപ്പി വർഗ്ഗങ്ങളും കക്കിടികളും ആണ് ഇവയുടെ ഇഷ്ടാഹാരം. പ്രായപൂർത്തിയെത്താത്ത റാസുകൾ വ്യത്യസ്ത നിറങ്ങൾ ഉള്ളവയാണ്. പലതും രാത്രി സമയം അടിത്തട്ടിൽ പുതഞ്ഞു കഴിയുന്നു. മ്യൂക്കസ് അഥവാ ഉളുമ്പ് മിനഞ്ഞെടുത്ത കൊക്കൂണുകളിൽ ഇവ വിശ്രമിക്കുന്നതു കാണാം. റാസുകൾക്ക് മറ്റൊരു രസകരമായ പ്രകൃതവും ഉണ്ട്. ഇവ മറ്റു മത്സ്യങ്ങളുടെ ശരീരത്തിലുള്ള പരാദങ്ങളെയും മറ്റും തിന്നു തീർക്കുന്നു. ഈ കാരണത്താൽ ഇവയിൽ ചില മത്സ്യങ്ങളെ ക്ലീനർറാസസു കൾ എന്നു വിളിക്കുന്നു.

അണ്ഡാകൃതിയും, വളരെ ഉയരമുള്ള ചിറകുകളുമുള്ള ബാറ്റ് മത്സ്യങ്ങളെ തിരച്ചറിയൽ എളുപ്പമാണ്. തീരപ്രദേശങ്ങളിലും കായലുകളിലും ഇവയെ കാണ പ്പെടുന്നു. നിശ്ചലമായി ചരഞ്ഞുകിടന്ന് ചത്തതായി തോന്നിപ്പിച്ച് ശത്രുക്കളിൽ നിന്നും രക്ഷപ്പെടുക ഇവയുടെ ഒരു വിചിത്ര രീതിയാണ്. ചെറുതായിരി ക്കുമ്പോഴുള്ള കടുംനിറം പ്രായപൂർത്തിയാ കുമ്പോൾ മങ്ങുന്നതായി കാണാം. എന്തു തന്നെ കിട്ടിയാലും ഭക്ഷിക്കുന്ന ഒരി ഇനമാണ് ബാറ്റ്ഫിഷ്. വളർച്ച വളരെ വേഗത്തിലുമാണ്. ഒരേ വലുപ്പമുള്ള മറ്റുതരം മത്സ്യങ്ങളോട് ഇവ ഇണങ്ങി കഴിയുന്നു.

ലവണജലഅക്വേറിയങ്ങൾക്കു വളരെയോജിച്ച ഇനങ്ങളാണ് ക്ലൌൺ മത്സ്യങ്ങളും ഡാംസൽ മത്സ്യങ്ങളും. ടാങ്കുകൾക്ക് യോജിച്ച വലുപ്പവും, ആകർഷക മായ നിറങ്ങളും, പ്രതികൂല സാഹചര്യങ്ങളെ ഒരു പരിധി വരെ താങ്ങാനുള്ള കഴിവും ഈ മത്സ്യങ്ങൾക്കുണ്ട്. കുലുങ്ങിക്കുലുങ്ങിയുള്ള

നീന്തലും ശരീരത്തിലെ പ്രത്യേകതരം വരകളും കാരണം ഇവയെ ക്ലൌൺ മത്സ്യങ്ങൾ എന്നുവിളിക്കുന്നു. ഇവ പൊതുവേ സീ അനിമോണിന് ഒപ്പമാണ് ജീവിക്കുന്നത്. അനിമോണുകൾ ഈ മത്സ്യ ങ്ങളുടെ ശരീരത്തിലുള്ള പരാദങ്ങളെ തിന്നു നശിപ്പിക്കുന്നു. എന്നാൽ എല്ലാത്തരം ക്ലൗൺ മത്സ്യങ്ങളും അനിമോണിനൊപ്പം വളരുന്നവയല്ല. അനിമോണുകളില്ലാ തെയും ഇവക്കു ടാങ്കിനുള്ളിൽ ജീവിക്കുവാൻ കഴിയും. ജീവനുള്ള പ്ലവകങ്ങൾ, സസ്യങ്ങൾ, ക്രസ്റ്റേഷ്യനുകൾ എന്നിവയാണ് ഇഷ്ടപ്പെട്ട ഭക്ഷണം.

തിരക്കു പിടിച്ച ജീവിത ശൈലിയുള്ള ഒരിനം മത്സ്യമാണ് ഡാംസെൽ മത്സ്യം. പവിഴപ്പുറ്റുകൾക്കിടയിലൂടെ മുകളിലേക്കും, താഴേക്കും നിരന്തരമായി ചലിച്ചുകൊണ്ടിരിക്കുന്ന ഇവ അക്വേറിയങ്ങളുടെ ജീവനാഡിയാണെന്നു പറയാം. നീല, കടും നീല, മഞ്ഞ, കടും മഞ്ഞ എന്നീ നിറങ്ങളിൽ കാണ പ്പെടുന്ന ഡാംസെൽ മത്സ്യങ്ങൾ ടാങ്കുകളിൽ ക്രമേണ നിറം കുറഞ്ഞു വരുന്നതായി കണ്ടിട്ടുണ്ട്. അക്വേറിയങ്ങളിൽ ചിലപ്പോൾ അക്രമ സ്വഭാവവും ഇവ കാട്ടാറുണ്ട്.

അക്വേറിയത്തിലെ വില്ലൻമാർ എന്നറിയപ്പെടുന്ന ഒരിനമാണ് സ്കോർ പിയൺ ഫിഷ്. മാംസഭുക്കുകളായ ഇവ കൂടെയുള്ള മറ്റു മത്സ്യങ്ങളെ ആഹരി ക്കുന്നവയാണ്. ഉയരമുള്ള ചിറകുകൾ വിടർത്തി, ആകാര സൗഷ്ടവത്തോടെ നില്ക്കുന്ന ഇവയുടെ മുള്ളുകളിൽ വിഷം ഉണ്ട്. ചുവപ്പും, തവിട്ടുനിറവും, കറുപ്പും നിറങ്ങളുള്ള ഇവയുടെ ശരീരഭാഗത്തിൽ വെള്ളനിറത്തിലുള്ള വരകളും കാണാം.

കടലിലെ അലങ്കാര മത്സ്യങ്ങൾ പവിഴപുറ്റുകൾക്കിടയിലുള്ള ആഴം കുറഞ്ഞ തടാകങ്ങളിലും മറ്റും കാണപ്പെടുന്നത് കൊണ്ട് ഇവയെ വാണിജ്യ പരമായി പിടിച്ചെടുക്കൽ ബുദ്ധിമുട്ടുള്ളതല്ല. എന്നാൽ നിയന്ത്രണമില്ലാത്ത പിടിച്ചെടുക്കൽ ഈ മത്സ്യങ്ങളുടെ എണ്ണം വളരെ വേഗം കുറയുന്നതിനും, വംശനാശം തന്നെ സംഭവിക്കുന്നതിനു കാരണമാകാം. പവിഴപ്പുറ്റുകളുടെ തന്നെ നാശത്തിനും ഇത്തരത്തിലുള്ള പ്രവൃത്തികൾ കാരണമായേക്കാം. പവിഴ പുറ്റുകൾക്ക് നാശം വരുത്താത്ത മീൻ പിടുത്ത രീതികളാണ് അഭില ഷണീയം. കൂടുകൾ, കുരുക്കുകൾ ഉപയോഗിക്കൽ വലകൊണ്ടു വളഞ്ഞെ ടുത്തുള്ള മത്സ്യം പിടിക്കൽ എന്നിവ ആവാസത്തിനു കേടുവരാതെയുള്ള മീൻ പിടുത്ത രീതികളാണ്.

ആവാസത്തിന്റെ സംതുലിതാവസ്ഥ തെറ്റിക്കാതെ നിയന്ത്രണമുള്ള രീതിയിൽ സമുദ്രത്തിലെ അലങ്കാര മത്സ്യങ്ങളെ പിടിച്ചെടുത്ത് വിദേശ വിപണികളിലേക്ക് അയക്കുന്നത് വളരെ ആദായകരമാണ്.